**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 231** **12.02.2019 -ലെ മറുപടിയ്ക്ക്**

## സംയോജിത നദീതട പദ്ധതി

ചോദ്യം

ശ്രീ.സജി ചെറിയാൻ
ശ്രീ. ജോർജ് എം. തോമസ്
ശ്രീ.എം. സ്വരാജ്
ശ്രീമതി.വീണാ ജോർജ്ജ്

മറുപടി

കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വിവിധ ജലസേചന പദ്ധതികളുടേയും കനാലുകളുടേയും കേടുപാടുകൾ തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) | വിവിധ ജലസേചന പദ്ധതികളിൽ പ്രളയം മൂലം തകരാറ് സംഭവിച്ച കനാലുകൾ, അനുബന്ധ നിർമ്മിതികളായ അണ്ടർ ടണൽ, പാർശ്വഭിത്തി, താങ്ങുമതിൽ, ചിറ, സ്ലൂയിസ് വാൽവുകൾ, കനാൽ ഷട്ടറുകൾ മുതലായവയുടെ തകരാറുകൾ പരിഹരിക്കുക, പുനർ നിർമ്മിക്കേണ്ടവ നിർമ്മിക്കുക , തകർന്ന കെട്ടിടങ്ങൾ, കനാൽ റോഡുകൾ എന്നിവ പുനർ നിർമ്മിക്കുക, അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യുക എന്നീ പ്രവൃത്തികൾക്കായി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് (SDRF) ഫണ്ടിൽ നിന്നും GO(Rt) No. 57/2019/DMD dated 28.01.2019 പ്രകാരം 536.27 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഷട്ടറുകൾ, തടയണകൾ, കനാലുകൾ, പമ്പുകൾ എന്നിവ പോലെയുള്ള ജലസേചന നിർമ്മിതികൾ നവീകരിക്കുന്നതിന് ഒരു സംയോജിത നദീതട പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | ബി) | ഇക്കാര്യം പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| സി) | നദികളും ജലാശയങ്ങളും ശുചീകരിക്കുവാനും നദികളുടെ സമീപമുള്ള നഗര പ്രദേശങ്ങളിൽ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | സി) | ഉണ്ട്. ജലസേചന പദ്ധതികളുടെ കനാലുകൾ, ജലസംഭരണികൾ എന്നിവയിലെ മാലിന്യങ്ങൾ നീക്കി അവ ജലസേചനയോഗ്യമാക്കി നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പമ്പാനദിയുടെ ശുചീകരണത്തിനും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമായി പമ്പാ ആക്ഷൻ പ്ലാൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ട്.<br>തിരുവനന്തപുരം നഗരത്തിലെ കരമനയാറിന്റെ സമീപത്തുള്ള മുട്ടത്തറയിൽ 107mld സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിലുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിനുവേണ്ടി ക്യാംപസിനുള്ളിൽ 5 mld ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. വേമ്പനാട്ടു കായലിന്റെ സമീപത്തുള്ള കൊച്ചി നഗരസഭയിൽ ഇളംകുളത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പുനരുജ്ജീവനം, 5mld ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ അമൃത് പദ്ധതി 2015-16 ൽ ഉൾപ്പെടുത്തി പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും, തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**